**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594** **24-06-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണത്തിനായി 2021 മുതൽ ഈ സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണത്തിനായി 2021 മുതൽ ചുവടെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്:-<br><br>സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണവുമായി ബന്ധപ്പെട്ട് **കൈത്തറി മേഖലയ്ക്ക്** 2021-22 സാമ്പത്തിക വർഷം 16 പദ്ധതികളിലായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 31.45 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 2.00 കോടി രൂപയും ചേർത്ത് ആകെ 33.45 കോടി രൂപയും, 2022-23 സാമ്പത്തിക വർഷം 17 പദ്ധതികളിലായി 39.56 കോടി രൂപയും, 2023-24 സാമ്പത്തിക വർഷം 17 പദ്ധതികളിലായി 48.03 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>**കയർ** വ്യവസായ മേഖലയുടെ സംരക്ഷണത്തിനായി 412 കോടി രൂപ വിവിധ പദ്ധതികൾക്കായി കയർ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനുതകും വിധം ചെലവഴിച്ചിട്ടുണ്ട്.<br><br>കശുവണ്ടി മേഖലയിലെ തൊഴിൽ സംരക്ഷണത്തിനായി **കാപ്പക്സിന്** 2021-22 ൽ 957 ലക്ഷം രൂപ അനുവദിക്കുകയും 2016-20 വരെയുള്ള ഗ്രാറ്റുവിറ്റിയ്ക്കായി പ്രസ്തുത തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ൽ അനുവദിച്ച 115.50 ലക്ഷം രൂപ ഭാഗിക യന്ത്രവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായും 31 ലക്ഷം രൂപ ബ്രാന്റ് വികസനത്തിനായും വിനിയോഗിച്ചു. 2023-24-ൽ അനുവദിച്ച 66.86 ലക്ഷം രൂപ ഭാഗിക യന്ത്രവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായും 10ലക്ഷം രൂപ ബ്രാന്റ് വികസനത്തിനായും വിനിയോഗിച്ചു. 2024-25-ൽ 250 ലക്ഷം രൂപ ഭാഗിക യന്ത്രവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായും 50ലക്ഷം രൂപ |

ബ്രാന്റ് വികസനത്തിനായും ഭരണാനുമതി നൽകിയിട്ടുണ്ട്.

**കാഷ്യൂ കോർപ്പറേഷനിൽ** നിന്ന് വിരമിച്ച 2021 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 5.45 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ബ്രാൻഡ് ബിൽഡിംഗിനായി 1.76 കോടി രൂപയും സർക്കാർ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 1.55 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 1.50 കോടി രൂപയും 2024-25വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

**കാഷ്യൂ ബോർഡിന്** 2021-22 സാമ്പത്തിക വർഷത്തിൽ 37.30 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 60.85 കോടി രൂപയും 2023-24 സാമ്പത്തിക വർഷം 76.55 കോടി രൂപയും റിലീസ് ചെയ്തു നൽകുകയും 2024-25 സാമ്പത്തിക വർഷത്തിൽ 40.81 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 2021-22-ൽ 650 ലക്ഷം രൂപയും 2022-23 ൽ 715 ലക്ഷം രൂപയും 2023-24 ൽ 720 ലക്ഷം രൂപയും 2024-25 ൽ 650 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽ 2021-22 വർഷം 497.90 ലക്ഷം രൂപയും 2022-23 വർഷം 302.51 ലക്ഷം രൂപയും 2023-24 വർഷം 216.05 ലക്ഷം രൂപയും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

“Revival of Small and Medium Scale Cashew factory units for rebuilding lost livelyhood” എന്ന പദ്ധതിയിൻ കീഴിൽ 2022-23 വർഷം 220 ലക്ഷം രൂപയും 2023-24 വർഷം 43.53 ലക്ഷം രൂപയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന അനുവദിച്ചിട്ടുണ്ട്.

“Assistance Scheme for Handicraft Artisans (ASHA)” പദ്ധതി പ്രകാരം 2021-22 ൽ 15.08 ലക്ഷം രൂപയും 2022-23 ൽ 17.17 ലക്ഷം രൂപയും 2023-24-ൽ 11.39 ലക്ഷം രൂപയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന അനുവദിച്ചിട്ടുണ്ട്. കരകൗശല വികസനത്തിനായി **കരകൗശല**

**വികസന കോർപ്പറേഷന്** 2021-22 സാമ്പത്തിക വർഷത്തിൽ കരകൗശല സൗഹൃദ പദ്ധതിയ്ക്കായി 150 ലക്ഷം രൂപയും പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തു ന്നതിനായി 25 ലക്ഷം രൂപയും 2022-23 വർഷത്തിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന്, ഓഫീസ് ഓട്ടോമേഷൻ, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി 45 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ഓഫീസ് ഓട്ടോമേഷൻ, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് അപ്പക്സ് സൊസൈറ്റി **(സുരഭി)** യ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ പ്രവർത്തന മൂലധനമായി അനുവദിക്കുകയും 2022-23 ൽ 25 ലക്ഷം രൂപ അനുവദിക്കുകയും എന്നാൽ അനുവദിച്ച തുകയിൽ ടി സാമ്പത്തിക വർഷം വിനിയോഗിക്കാതിരുന്ന 20ലക്ഷം രൂപ റെസ്യൂം ചെയ്യുകയുമുണ്ടായി. 2023-24-ൽ 19 ലക്ഷം രൂപ അനുവദിക്കുകയും വിനിയോഗിക്കാതിരുന്ന 14 ലക്ഷം രൂപ ടി സാമ്പത്തിക വർഷാവസാനം റെസ്യൂം ചെയ്യുകയുമുണ്ടായി.

**കാഡ്കോയ്ക്ക്** 2021-22 സാമ്പത്തിക വർഷം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും സ്ഥല ലഭ്യതയുടെ അഭാവത്തിൽ പദ്ധതി നടപ്പിലാക്കാനാക ത്തതിനാൽ പ്രസ്തുത തുക റെസ്യൂം ചെയ്യുകയുണ്ടായി. 2022-23 കാലയളവിൽ 25 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുകയിൽ നിന്നും 12.61 ലക്ഷം രൂപ വിനിയോഗിക്കുകയും ചെലവഴിക്കാതിരുന്ന ബാക്കി തുക സർക്കാരിന് തിരിച്ചു ലഭിക്കുകയുമുണ്ടായി. 2023-24 കാലയളവിൽ ആകെ 25.6 ലക്ഷം രൂപ അനുവദിക്കുകയും വിനിയോഗിക്കാതിരുന്ന 9.97 ലക്ഷം രൂപ ടി സാമ്പത്തിക വർഷം റെസ്യൂം ചെയ്യുകയുമുണ്ടായി.
**കെൽപാമിന്** 50 ലക്ഷം രൂപ പ്രവർത്തന മൂലധനമായും മറ്റിനങ്ങൾക്കായി 50 ലക്ഷം രൂപയും ചേർത്ത് 1 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തിലും, 50 ലക്ഷം പ്രവർത്തന മൂലധനമായും മറ്റിനങ്ങൾക്കായി 14 ലക്ഷം രൂപയും ചേർത്ത് 64 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിലും, 30ലക്ഷം പ്രവർത്തന മൂലധനമായും മറ്റിനങ്ങൾക്കായി 36 ലക്ഷം രൂപയും ചേർത്ത് 66 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തിലും അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണത്തിനായി **ഖാദി മേഖലയ്ക്ക്** 2021-22 കാലയളവിൽ ഇൻസെന്റീവ്/ഉത്സവ ബത്തയായി 5 കോടി രൂപയും 2022-23 കാലയളവിൽ 3കോടി രൂപയും 2023-24 കാലയളവിൽ 2.6കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>മുളമേഖലയിലെ കരകൗശല വികസനത്തിനായി **കെ-ബിപ്**-ന് 2021-22 സാമ്പത്തിക വർഷത്തിൽ 120 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 120 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 45.6ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കേരള **സംസ്ഥാന ബാംബൂ കോർപ്പറേഷ**ന് തൊഴിൽ സംരക്ഷണത്തിനായി 2021 മുതൽ 2024 മാർച്ച് വരെ 19 കോടി രൂപ പ്രവർത്തന മൂലധന വായ്പ അനുവദിച്ചിട്ടുണ്ട്.<br><br>കളിമൺ നിർമ്മാണത്തിനും വിപണനത്തിനും സഹായകരമാകും വിധം, ക**ളിമൺ വികസന കോർപ്പറേഷൻ** മുഖാന്തിരം കുറഞ്ഞ പലിശ നിരക്കിൽ വായ്പ ഇനത്തിൽ സഹായം നൽകി വരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലും 2022-23 ലും കളിമൺ വികസന കോർപ്പറേഷന് 70 ലക്ഷം രൂപ വീതം ബജറ്റ് വിഹിതം ഉണ്ടായിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായ 70 ലക്ഷം രൂപയിൽ നിന്നും 10.5 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 80 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ ഈ മേഖലയ്ക്കായി **പിന്നാക്ക വിഭാഗ വികസന വകുപ്പ്** മുഖേന 2021-22 കാലയളവിൽ 3,13,00,000/- രൂപയും 2022-23 കാലയളവിൽ 2,55,98,039/- രൂപയും 2023-24 കാലയളവിൽ 2,62,53,750/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമേ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) യ്ക്കായി 2021-22 സാമ്പത്തിക വർഷം 78 കോടി രൂപയും, 2022-23 സാമ്പത്തിക വർഷം 86 കോടി രൂപയും, 2023-24 സാമ്പത്തിക വർഷം 90 കോടി രൂപയും **തൊഴിൽ വകുപ്പ്** മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഖാദി തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് കൂടിയ വേതനം നൽകുന്നതിനായി ഇൻകം സപ്പോർട്ട് | (ബി) | കൂടിയ വേതനം നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിലേക്ക് കേന്ദ്രസർക്കാർ വിഹിത മായി തുക അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | സ്കീമിലേക്ക് കേന്ദ്രസർക്കാർ വിഹിതമായി തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ